**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5453** **13-08-2021 - ൽ മറുപടിയ്ക്ക്**

**മൂവാറ്റുപുഴ മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യൂ കുഴൽനാടൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർ, ഭൂരഹിതരായ ഭവനരഹിതർ എന്നിവരെ സംബന്ധിച്ച കണക്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ നൽകാമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പുതിയ ഭവനത്തിനായി പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും എത്ര അപേക്ഷകൾ ലഭ്യമായെന്നും ഇതിൽ എത്ര പേർക്ക് ധനസഹായം നൽകിയെന്നും അറിയിക്കുമോ; ഇത് സംബന്ധിച്ച കണക്കുകൾ നൽകാമോ; | (ബി) | പട്ടികജാതി വിഭാഗം ലൈഫ് പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിന് 2020-ൽ പട്ടികജാതി വിഭാഗത്തിൽ നിന്നും ഭവനരഹിതരായ 366 പേരുടെ അപേക്ഷകളും, ഭൂരഹിതരായ 239 പേരുടെ അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ഇവരുടെ അർഹതാ പരിശോധന നടന്നു വരികയാണ്. പട്ടികവർഗ്ഗ വിഭാഗം ലൈഫ് മിഷൻ പദ്ധതിയിൽ അപേക്ഷ സമർപ്പിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂമിയുള്ള ഭവനരഹിതരായ 5 പേർക്കും, ഭൂരഹിത ഭവനരഹിതരായ 3 പേർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 5 ഗുണഭോക്താക്കൾക്ക് പുതിയ വീട് അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് പുതിയ ഭവനം നൽകാനും വീടുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനും ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ഭവനരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് നിലവിൽ ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നത്. പട്ടികജാതി വികസന വകുപ്പ് വിവിധ വകുപ്പുകൾ മുഖേന കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഭവനനിർമ്മാണ ധനസഹായ തുക കൈപ്പറ്റിയ പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരിൽ മുഴുവൻ തുകയും കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കാത്തവർക്കും, നിർദ്ദിഷ്ട മേൽക്കൂര നിർമ്മിക്കാത്തതിനാൽ അവസാന ഗഡു ലഭിക്കാത്തവർക്കും, സ്വന്തം നിലയിൽ നിർമ്മാണം ആരംഭിച്ചവരിൽ പണി പൂർത്തീകരി ക്കാത്തവർക്കും വീടിന്റെ നിർമ്മാണം പൂർത്തീക രിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | പരമാവധി ഒന്നര ലക്ഷം രൂപ വരെ ഭവന പൂർത്തീകരണം പദ്ധതി പ്രകാരം അനുവദിച്ച നൽകുന്നുണ്ട്. പട്ടികജാതി വികസന വകുപ്പ് മുഖേന വീടിന്റെ അറ്റകുറ്റപ്പണികൾക്കായി നിലവിൽ ധനസഹായം അനുവദിക്കുന്നില്ല. എന്നാൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കോളനികളിലെ വീടുകളുടെ നവീകരണത്തിന് ധനസഹായം നൽകുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ലാന്റ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗ ക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേനയും വീട് അനുവദിച്ച് വരുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി ഫണ്ട് ഉപയോഗിച്ചും പരമാവധി ഒന്നര ലക്ഷം രൂപ നിരക്കിൽ ഭവന പുനരുദ്ധാരണ ധനസഹായം അനുവദിച്ച നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| പഞ്ചായത്ത് | പട്ടികജാതി വിഭാഗം | | പട്ടികവർഗ്ഗ വിഭാഗം | |
|---|---|---|---|---|
| | ഭൂമിയുള്ള ഭവനരഹിതർ | ഭൂരഹിത ഭവന രഹിതർ | ഭൂമിയുള്ള ഭവനരഹിതർ | ഭൂരഹിത ഭവന രഹിതർ |
| അരക്കുഴ | 10 | 7 | 2 | 4 |
| ആവോലി | 21 | 20 | 4 | 3 |
| ആയവന | 20 | 23 | 2 | 7 |
| കല്ലൂർക്കോട് | 16 | 9 | 2 | 1 |
| മഞ്ഞല്ലൂർ | 12 | 5 | 4 | 4 |
| മാറാടി | 17 | 16 | 0 | 2 |
| പായിപ്ര | 43 | 37 | 0 | 0 |
| പാലക്കുഴ | 19 | 5 | 0 | 4 |
| വാളകം | 18 | 4 | 0 | 0 |
| പൈങ്ങോട്ടൂർ | 55 | 23 | 0 | 0 |
| പോത്താനിക്കാട് | 24 | 9 | 0 | 0 |
| മൂവാറ്റുപുഴ മുനിസിപ്പാലിറ്റി | 8 | 23 | 4 | 4 |
| **ആകെ** | **263** | **181** | **18** | **29** |

**സെക്ഷൻ ഓഫീസർ**